# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4927 01/07/13-ൽ മറുപടിക്ക്

**ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് :<br>„ സി. എഫ്. തോമസ് :<br>„ തോമസ് ഉണ്ണിയാടൻ :<br>„ റ്റി.യു. കുരുവിള : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മത്സ്യഇനങ്ങൾ ഏതൊക്കെ എന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; | (എ) സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി(ഫിർമ) നടത്തിയ പഠന ങ്ങൾ പ്രകാരം 10 തരം ശുദ്ധജലമത്സ്യങ്ങൾ ഗുരുതരമായ വംശനാശ ഭീഷണിയുള്ള (critically endangered) വിഭാഗത്തിലും 25 തരം മത്സ്യങ്ങൾ വംശനാശഭീഷണിയുള്ള (endangered) വിഭാഗത്തിലും 18 തരം മത്സ്യങ്ങൾ വംശനാശഭീഷണിയുടെ വക്കിലെത്തി നിൽക്കുന്ന (vulnerable) വിഭാഗത്തിലും ആണെന്ന് കണ്ടെത്തിയി ട്ടുണ്ട്. |
| (ബി) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) ഉൾനാടൻ മത്സ്യങ്ങളുടെ സംരക്ഷണത്തിനും അവയുടെ സ്വാഭാവിക പ്രജനനം ഉറപ്പുവരുത്തുന്നതിനുമായി മത്സ്യസങ്കേതങ്ങൾ (ഫിഷ് സാങ്ച്വറികൾ) സ്ഥാപിക്കുന്ന പദ്ധതി ഫിർമ മുഖേന നടപ്പാക്കുന്നുണ്ട്. കൂടാതെ പൊതു ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതിയും നടപ്പാക്കി വരുന്നു. |
| (സി) ഉൾനാടൻ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | (സി) ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ ഉൾനാടൻ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും പൊതു ജനപങ്കാളിത്തത്തോടെയും മത്സ്യ സമൃദ്ധി പദ്ധതി, മത്സ്യകർഷക വികസന ഏജൻസി മുഖേന ഉള്ള മത്സ്യകൃഷി പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. |

കോൾ നിലങ്ങൾ, പൊക്കാളി നിലങ്ങൾ, കുട്ടനാടൻ പാടശേഖരങ്ങൾ. കൈപ്പാട് നില ങ്ങൾ എന്നിവയിലെ, 'ഒരു നെല്ലും ഒരു മീനും പദ്ധതി' കൂടുകളിലെ മത്സ്യകൃഷി, വല്ലങ്ങളിലെ മത്സ്യകൃഷി, എന്നിവ അഡാക്ക് മുഖേന നടപ്പിലാക്കി വരുന്നു.

കൂടാതെ കേരളത്തിലെ റിസർവോയറുകളിലും പൊതുജലാശയങ്ങളിലും മത്സ്യ/ആറ്റുകൊഞ്ച് വിത്ത് നിക്ഷേപിക്കുന്നതിനുള്ള സാമൂഹ്യ മത്സ്യകൃഷി പദ്ധതിയും രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ആറ്റു കൊഞ്ച്/ കരിമീൻ/ചെമ്മീൻ കൃഷിയും കൂടുകളിലെ മത്സ്യകൃഷിയും വിവിധ ജില്ലകളിൽ നടപ്പി ലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ